


# സ്രഷ്ടാവ് സൃഷ്ടിയെ ഓർമ്മിക്കുന്നു

നിയമാ. 1: 33 – 46; ലൂക്കാ 12: 22 – 34; 1 കോറി 14: 1 – 14


ബ്ര. ജൂഡ് കെ. സെബാസ്റ്റ്യൻ



Vol. 11, Issue: 63


**തി**രുസഭയെ പരിശുദ്ധാത്മാവ് പരിപാലിക്കുന്ന അനുഗ്രഹദായകമായ നിമിഷങ്ങൾ തിരിച്ചറിഞ്ഞ് ശ്ലീഹാക്കാലത്തിലെ അഞ്ചാം ആഴ്ചയിലേയ്ക്ക് നാം പ്രവേശിക്കുകയാണ്. പരിപാലനയെക്കുറിച്ച് വർണ്ണിക്കുന്ന വചനഭാഗങ്ങളാണ് നമുക്കിന്ന് നൽകപ്പെട്ടിരിക്കുന്നത്.

വിശന്ന് വയറു കത്തുന്ന കുഞ്ഞിന്റെ കരച്ചിൽ കേട്ട് ആദ്യം ഓടിയെത്തുന്ന പരിപാലനയുടെ കരങ്ങൾ പെറ്റമ്മയുടേതാണ്. അമ്മയുടെ ലാളനയിലൂടെയും പ്രശംസയിലൂടെയും ശാസനയിലൂടെയും ഞാനും നിങ്ങളും അനുഭവിച്ചത് പരിപാലനയുടെ ഏറ്റവും ശ്രേഷ്ഠമായ മാതൃകയായിരുന്നു. എന്നാൽ ഇന്നത്തെ വചനവായനകളിലൂടെ ഈശോ നമ്മോട് പങ്കുവയ്ക്കുക, പരിപാലനയുടെ ഏറ്റവും വലിയ മാതൃകയായി നീ കാണുന്ന പെറ്റമ്മ നിന്നെ മറന്നാലും മറക്കാത്ത ഒരു ഹൃദയവുമായി, പരിപാലനയുടെ കരങ്ങളുമായി നിന്റെ സ്വർഗസ്ഥനായ പിതാവ് നിന്റെ കൂടെയുണ്ട് എന്നാണ്. ആ പരിപാലനയുടെ കരങ്ങളിൽ നീ മുറുകെ പിടിക്കുക.

ഇന്നത്തെ ഒന്നാം വായനയിൽ, മോശ നമുക്ക് പരിചയപ്പെടുത്തുന്ന രണ്ടു വ്യക്തികളാണ് ജോഷ്വായും കാലെബും. എന്താണ് ഇവരുടെ പ്രത്യേകത? അവർ ദൈവപരിപാലനയിൽ പൂർണ്ണമായ ആശ്രയമുള്ളവരായിരുന്നു എന്നതാണത്. ദൈവം തങ്ങൾക്കു തരുന്ന കാനാൻദേശം ഉറ്റുനോക്കാൻ പോയ പന്ത്രണ്ടു പേരിലെ രണ്ട് അംഗങ്ങൾ. ബാക്കി പത്തു പേരും പറഞ്ഞു: "ആ ദേശം സ്വന്തമാക്കാൻ ശ്രമിച്ചാൽ തീർച്ചയായും അമോര്യരുടെ ബലിഷ്ഠമായ കരങ്ങളാൽ നാം വധിക്കപ്പെടും." എന്നാൽ ജോഷ്വായും കാലെബും പറഞ്ഞു: "കർത്താവ് നമ്മോടു കൂടെയാണ്. അവരെ നാം ഭയപ്പെടേണ്ടതില്ല." കാരണം പെറ്റമ്മ കുഞ്ഞിനെയെന്നപോലെ മരുഭൂമിയിലൂടെ ഇക്കാലമത്രയും തങ്ങളെ വഹിച്ച ദൈവികപരിപാലനയിൽ അവർക്ക് ആശ്രയമുണ്ടായിരുന്നു.

സുവിശേഷത്തിലേയ്ക്ക് കടന്നുവരുമ്പോൾ വി. ലൂക്കായിലൂടെ ഈശോ കൈമാറുന്ന സന്ദേശം മറ്റൊന്നുമല്ല, ദൈവപരിപാലനയിൽ ആശ്രയം വയ്ക്കാനാണ്. ലൂക്കാ സുവിശേഷത്തിലെ ശിഷ്യർ തീർത്തും നിസ്വരാണ്. അടുത്ത നേരത്തേയ്ക്കുള്ള ഭക്ഷണം തങ്ങളുടെ ഗുരുവിന്റെ കൈകളിലില്ല എന്ന് ഉറപ്പുള്ളവർ. സുവിശേഷവേലക്ക് പറഞ്ഞയയ്ക്കുമ്പോൾ ഈ ഗുരു ശിഷ്യരോട് പറയുന്നത് യാത്രയ്ക്ക് വടിയോ, സഞ്ചിയോ, അപ്പമോ, പണമോ ഒന്നും എടുക്കരുത്, ഉടുപ്പും ഉണ്ടായിരിക്കരുത് എന്നാണ്. ഇപ്രകാരം ജീവിക്കുന്ന ഒരു ശിഷ്യന്റെ മനസ്സിലേയ്ക്ക് ഭക്ഷണത്തെയും വസ്ത്രത്തെയും കുറിച്ചുള്ള ആകുലത

തീർച്ചയായും കടന്നുവരും. ഈ ആകുലത പേറി ജീവിക്കുന്ന ശിഷ്യരോട് ഈശോ പറയുകയാണ് "എന്തു ഭക്ഷിക്കും എന്ന് ജീവനെ പറ്റിയോ, എന്തു ധരിക്കും എന്ന് ശരീരത്തെപ്പറ്റിയോ നിങ്ങൾ ആകുലരാകേണ്ട. എന്തെന്നാൽ ജീവൻ ഭക്ഷണത്തിനും ശരീരം വസ്ത്രത്തിനും ഉപരിയാണ്." ഈ ശരീരവും ജീവനും നമുക്ക് നൽകിയത് ആരാണ്? ഉൽപത്തി പുസ്തകത്തിൽ നാം വായിക്കുന്നു: "ദൈവമായ കർത്താവ് ഭൂമിയിലെ പൂഴി കൊണ്ട് മനുഷ്യനെ രൂപപ്പെടുത്തുകയും ജീവന്റെ ശ്വാസം അവന്റെ നാസാരന്ധ്രങ്ങളിലേയ്ക്ക് നിശ്വസിക്കുകയും ചെയ്തു." ശരീരവും ജീവനും നൽകി നമ്മെ സൃഷ്ടിച്ച ദൈവത്തിന് നമ്മെ പരിപാലിക്കാനും അറിയാമെന്ന് ഈശോ വ്യക്തമാക്കുകയാണ് ഇവിടെ.

ദൈവത്തിന്റെ പരിപാലന തന്റെ ശിഷ്യർക്ക് വെളിപ്പെടുത്താനായി ഈശോ സ്വീകരിച്ച രണ്ട് ഉദാഹരണങ്ങളാണ് കാക്കയുടെയും ലില്ലിയുടെയും. യഹൂദരെ സംബന്ധിച്ച് അശുദ്ധി നിറഞ്ഞ ഒരു പക്ഷിയാണ് കാക്ക. ആ കാക്കയെ ചൂണ്ടിക്കാട്ടി ഈശോ തന്റെ ശിഷ്യരോട് പറയുകയാണ്: "കാക്കകളെ നോക്കുവിൻ; അവ വിതയ്ക്കുന്നില്ല, കൊയ്യുന്നില്ല. അവയ്ക്ക് കലവറയോ കളപ്പുരയോ ഇല്ല. എങ്കിലും ദൈവം അവയെ പോറ്റുന്നു." എല്ലാവരും അശുദ്ധമായി കണക്കാക്കുന്നതിനെ നിന്റെ സ്വർഗസ്ഥനായ പിതാവ് പരിപാലിക്കുന്നെങ്കിൽ ദൈവമകനും ദൈവമക്കളുമായ നാം ഒരിക്കലും വിസ്മരിക്കപ്പെടുകയില്ല എന്ന ഉറപ്പ് ഇന്ന് ഈശോ എനിക്കും നിങ്ങൾക്കും നൽകുന്നു.

ദൈവപരിപാലനയുടെ അത്ഭുതം വ്യക്തമാക്കാനും വസ്ത്രത്തെക്കുറിച്ചുള്ള ആകുലത എത്രയോ നിസ്സാരമാണെന്ന് കാണിക്കാനും ഈശോ സ്വീകരിച്ച അടുത്ത ഉദാഹരണം കേവലം അൽപായുസ്സ് മാത്രമുള്ള വയലിലെ ലില്ലിയാണ്. ഉണങ്ങിക്കഴിഞ്ഞാൽ മനുഷ്യരാൽ കത്തിക്കപ്പെട്ട് വയലിനു വളം കൂട്ടാനായി വിധിക്കപ്പെട്ട ലില്ലിയെ നോക്കി ഈശോ പറയുന്ന വാചകം വളരെ ശ്രദ്ധേയം തന്നെ. സോളമൻ പോലും അവന്റെ സർവ്വമഹത്വത്തിലും അവയിൽ ഒന്നിനെപ്പോലെ അലംകൃതനായിരുന്നില്ല. സമ്പത്തിലും ജ്ഞാനത്തിലും ഭൂമിയിലെ സകല രാജാക്കന്മാരെയും പിന്നിലാക്കിയെന്ന് വിശുദ്ധ ഗ്രന്ഥം സാക്ഷ്യപ്പെടുത്തിയ സോളമൻ രാജാവിനു വേണ്ടി മനുഷ്യൻ രൂപപ്പെടുത്തിയ ആടയാഭരണങ്ങൾക്കു പോലും ദൈവസൃഷ്ടിയായ ലില്ലിയുടെ ഭംഗിയില്ല എന്ന് ദൈവപുത്രൻ ശിഷ്യരുമായി പങ്കുവയ്ക്കുന്നു. ആകാശത്തിലെ പറവയെയും വയലിലെ ലില്ലിയെയും തീറ്റിപ്പോറ്റാനും അണിയിച്ചൊരുക്കാനും നിന്റെ സ്വർഗസ്ഥനായ പിതാവ് മറക്കാത്തതിനാൽ നിനക്ക് ഒന്ന് ഉറപ്പിക്കാം, തന്റെ ഛായയിലും സാദൃശ്യത്തിലും താൻ സൃഷ്ടിച്ച മനുഷ്യനെക്കുറിച്ചുള്ള ചിന്ത ദൈവത്തിന്റെ ഓർമ്മയിലുണ്ടാകും.

നമ്മുടെ മനസ്സിൽ ആകുലതകളുടെ നീണ്ട നിരയുണ്ടോ? എങ്കിൽ ഗുരു നൽകുന്ന ഉത്തരം 'ദൈവരാജ്യം' എന്നാണ്. എന്താണ് ദൈവരാജ്യം? ദൈവത്തോടു കൂടിയായിരിക്കുന്ന അവസ്ഥയാണ് ദൈവരാജ്യം. അതുകൊണ്ടാണ് തന്റെ വചനങ്ങൾ കേട്ട് പാദാന്തികത്തിലിരുന്ന മറിയത്തെ നോക്കി ഈശോ പറഞ്ഞത്, മറിയം നല്ല ഭാഗം തെരഞ്ഞെടുത്തിരിക്കുന്നു. ദൈവികസാന്നിദ്ധ്യത്തിൽ നിന്ന് അകന്നിരുന്ന മാർത്തായുടെ ഉള്ളിൽ ഉത്കണ്ഠയും അസ്വസ്ഥതയുമായിരുന്നെന്ന് വചനം തന്നെ സാക്ഷ്യപ്പെടുത്തുന്നു. ദൈവികസാന്നിദ്ധ്യാവബോധത്തിലായിരിക്കുമ്പോൾ ആകുലതകളുടെ പിരിമുറുക്കങ്ങളും ഇല്ലായ്മകളുടെ വല്ലായ്മകളും നമ്മെ അസ്വസ്ഥമാക്കില്ല.

ചില മനുഷ്യർ ഏറ്റവുമധികം ഉത്കണ്ഠപ്പെടുന്നതും വെപ്രാളപ്പെടുന്നതും തങ്ങളുടെ അന്ത്യനിമിഷങ്ങളിലാണ്. എന്നാൽ ലിസ്യുവിലെ ചെറുപുഷ്പം ഒരു ചെറുപുഞ്ചിരിയോടെയാണ് മരണത്തെ പുൽകിയത്. എന്തായിരിക്കും അതിനു കാരണം? അവളുടെ ജീവചരിത്രം പഠിക്കുമ്പോൾ അവൾ നമുക്ക് വ്യക്തമാക്കുന്ന ഒരു കാര്യമുണ്ട്. ഓരോ മൂന്നു മിനിറ്റ് കൂടുമ്പോഴും താൻ ദൈവസാന്നിദ്ധ്യസ്മരണ പുലർത്തിയിരുന്നു. ഇതാണ് കൊച്ചുത്രേസ്യാ നമുക്ക് വെളിപ്പെടുത്തുന്ന യാഥാർത്ഥ്യം. ഇനി അദ്ധ്വാനത്തിനായി ഇറങ്ങിപ്പുറപ്പെടുമ്പോൾ അതിന്റെ ഫലത്തെക്കുറിച്ചോർത്ത് ആകുലപ്പെടേണ്ട. നിന്നെ ചൂഴ്ന്നുനിൽക്കുന്ന ദൈവസാന്നിദ്ധ്യത്തെ ഒന്ന് ഓർക്കുക. ജീവിതത്തിൽ പ്രതിസന്ധികളിൽപെട്ട് മനസ്സ് നീറുമ്പോൾ നമുക്കോർക്കാം, കാക്കയെയും ലില്ലിയെയും പരിപാലിക്കുന്ന ദൈവം എന്റെ തോളോടു തോൾ ചേർന്ന് നിൽപ്പുണ്ട്. ലേഖനത്തിലൂടെ പൗലോസ് ശ്ലീഹാ നമ്മെ ഉദ്ബോധിപ്പിക്കുന്നു: "നിങ്ങൾ ആത്മീയകാര്യങ്ങളിൽ ഉത്സുകരായിരിക്കണം" എന്ന്. നമ്മുടെ ആത്മീയതയുടെ അടിസ്ഥാനമായ ഈ ദൈവസാന്നിദ്ധ്യാവബോധത്തെ കരുപ്പിടിപ്പിക്കുന്നതിൽ ഉത്സാഹമുള്ളവരായിരിക്കാം.

മറക്കാതിരിക്കാം, നാം അദ്ധ്വാനിക്കുമ്പോഴും വിശ്രമിക്കുമ്പോഴും ഇമ്മാനുവേൽ - ദൈവം നമ്മോടു കൂടെ. കൂടെ ആയിരിക്കാനായി ആഗ്രഹിച്ചവന്റെ ഒപ്പമായിരുന്നുകൊണ്ട് നമുക്ക് കുർബാനയർപ്പണം തുടരാം. ആകുലതകളുമായിട്ടാണ് ഈ ദൈവാലയത്തിന്റെ പടികൾ കയറിയതെങ്കിൽ ഈ പടികളിറങ്ങുമ്പോൾ ഓർക്കാം, ഇമ്മാനുവേൽ. ത്രീത്വൈക ദൈവം തീർച്ചയായും നമ്മെ അനുഗ്രഹിക്കും.